# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വലപ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.16)1836/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 19/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വലപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.16)1836/2023 തീയ്യതി: 19/12/2023

## തൃശ്ശൂർ ജില്ലയിലെ വലപാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 29-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി. എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 30-10-2023 | 06-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 30-10-2023 | 06-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.മീര.ടി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.സുമ വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി വിദ്യ ഒ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സഫന എൻ .എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷിനിത വി.ഡി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ജോയ്സി വർഗ്ഗീസ്.പി | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീ.സഞ്ജയ് ഹക്കീം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2022 | 09-10-2022 |
| ശ്രീ.ഷിനിൽ.സി.എൻ | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ആഷ കെ.എസ് | അസി.എഞ്ചിനീയർ | 01-04-2022 | 14-09-2022 |
| ശ്രീമതി.ടീന മേരി | അസി.എഞ്ചിനീയർ | 15-09-2022 | 31-03-2023 |
| ശ്രീ.സഞ്ജയ് ഹക്കീം | അസി.സെക്രട്ടറി | 01-04-2022 | 08-11-2022 |
| ഒഴിവ് | അസി.സെക്രട്ടറി | 09-11-2022 | 10-11-2022 |
| ശ്രീമതി.മുംതാസ് | അസി.സെക്രട്ടറി | 11-11-2022 | 31-03-2023 |
| ഡോ.സി.കെ സിൽവൻ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ.നസീമ ഹംസ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.എസ് ജയദീപ് | മെഡിക്കൽ ഓഫീസർ,ആയുർവേദ ഡിസ്പെൻസറി | 01-04-2022 | 31-03-2023 |
| ഡോ.റീന.പി.കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഫാജിത റഹ്മാൻ എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സജിത | ഹെഡ് മിസ്ട്രസ്, ജി.എഫ്.യു.പി.എസ് | 01-04-2022 | 31-05-2022 |
| ശ്രീമതി.ബിനിത.പി.ബി | ഹെഡ് മിസ്ട്രസ്, ജി.എഫ്.യു.പി.എസ് | 01-06-2022 | 30-06-2022 |
| ശ്രീമതി.സൽമ.കെ.എ | ഹെഡ് മിസ്ട്രസ്, ജി.എഫ്.യു.പി.എസ് | 01-07-2022 | 31-03-2023 |
| ശ്രീമതി.ഷീനത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.അൻസിൽ പി.എം | എഫ്.ഐ ഫിഷറീസ് | 01-04-2022 | 20-05-2022 |
| ശ്രീമതി.ചിപ്പി ഖാദർ | എഫ്.ഐ ഫിഷറീസ് | 21-05-2022 | 01-12-2022 |
| ശ്രീമതി.ഫാത്തിമ.പി.എ | എഫ്.ഐ ഫിഷറീസ് | 02-12-2022 | 31-03-2023 |
| ശ്രീമതി.സ്മിത ജെയിംസ്.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 02-01-2023 |
| ശ്രീമതി.അനില.പി.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-01-2023 | 31-03-2023 |
| ശ്രീമതി.സറീന കെ.എച്ച് | വി.ഇ.ഒ എടമുട്ടം സർക്കിൾ | 01-04-2022 | 10-08-2022 |
| ശ്രീമതി.ഹസീന.ടി.എച്ച് | വി.ഇ.ഒ എടമുട്ടം സർക്കിൾ | 11-08-2022 | 31-03-2023 |
| ശ്രീമതി.ഫസീല.കെ.എച്ച് | വി.ഇ.ഒ വലപ്പാട് സർക്കിൾ | 01-04-2022 | 19-05-2022 |
| ശ്രീമതി.ഫാസില | വി.ഇ.ഒ വലപ്പാട് സർക്കിൾ | 20-05-2022 | 19-07-2022 |
| ശ്രീമതി.സറീന കെ.എച്ച് | വി.ഇ.ഒ വലപ്പാട് സർക്കിൾ | 20-07-2022 | 10-08-2022 |
| ശ്രീമതി.ഫാസില | വി.ഇ.ഒ വലപ്പാട് സർക്കിൾ | 11-08-2022 | 19-11-2022 |
| ശ്രീമതി.ഹസീന.ടി.എച്ച് | വി.ഇ.ഒ വലപ്പാട് സർക്കിൾ | 20-11-2022 | 09-01-2023 |
| ശ്രീമതി.ഫാസില | വി.ഇ.ഒ വലപ്പാട് സർക്കിൾ | 10-01-2023 | 31-03-2023 |
| ശ്രീമതി.സറീന കെ.എച്ച് | വി.ഇ.ഒ പാട്ടുകളങ്ങര സർക്കിൾ | 01-04-2022 | 10-08-2022 |
| ശ്രീമതി.ഹസീന.ടി.എച്ച് | വി.ഇ.ഒ പാട്ടുകളങ്ങര സർക്കിൾ | 11-08-2022 | 02-01-2023 |
| ശ്രീമതി.വിദ്യ.കെ.സുഭാഷ് | വി.ഇ.ഒ പാട്ടുകളങ്ങര സർക്കിൾ | 03-01-2023 | 31-03-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷികകണക്കിൽ മുഴുവൻ ചെലവുകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തി വാങ്ങിയത് ചെലവായി രേഖപ്പെടുത്തി | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | “Directly Credited By Bank” തുകകൾ ക്രമീകരിച്ചില്ല | 1-1-6 |
| 8 | " Directly Debited By Bank”തുകകൾ ക്രമീകരിച്ചില്ല | 1-1-7 |
| 9 | ബാങ്ക് അക്കൗണ്ടിൽ നെഗറ്റീവ് നീക്കിയിരിപ്പ് | 1-1-8 |
| 10 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-9 |
| 11 | വസ്തു നികുതി -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ലൈബ്രറി സെസ്സ് - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-11 |
| 13 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല. | 1-1-12 |
| 14 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-15 |
| 17 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-16 |
| 18 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-17 |
| 19 | അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട ഇനങ്ങൾ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-1-18 |
| 20 | വാടക കുടിശ്ശിക ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല | 1-1-19 |
| 21 | വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്/ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-20 |
| 22 | സ്ഥിര നിക്ഷേപ പലിശ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-21 |
| 23 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-22 |
| 24 | ബജറ്റ് | 1-2 |
| 25 | ഫണ്ട് വിനിയോഗം | 1-3 |
| 26 | പദ്ധതി അവലോകനം | 1-4 |
| 27 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 28 | ക്ഷേമ പദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ I-6 പ്രകാരമുള്ളത്) | 1-6 |
| 29 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 30 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 31 | തനത് വരുമാനം - പൊതുഅവലോകനം | 1-9 |
| 32 | രസീത് പരിപാലനം - അപാകങ്ങൾ | 1-10 |
| 33 | ജീവനക്കാരിൽ നിന്നും സ്ലാബ് പ്രകാരമുള്ള തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല | 1-11 |
| 34 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് | 1-12 |
| 35 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 1-13 |
| 36 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-14 |
| 37 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണയ വിവരം ലഭ്യമാക്കേണ്ടതാണ് | 1-15 |
| 38 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-16 |
| 39 | വസ്തു നികുതി നിർണയം - അടിസ്ഥാന നിരക്ക് തെറ്റായി രേഖപ്പെടുത്തി | 1-17 |
| 40 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക | 1-18 |
| 41 | ക്രമ വത്കരണ ഫയലുകൾ - സാക്ഷ്യപത്രം ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-19 |
| 42 | റിവൈസ്ഡ് ഫയർ എൻ.ഒ.സി ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-20 |

| | | |
|---|---|---|
| 43 | വസ്തുനികുതി പുനർനിർണയിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-21 |
| 44 | മുട്ടക്കോഴി വളർത്തൽ പദ്ധതി(ജനറൽ)- മതിയായ രേഖകൾ ഇല്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-22 |
| 45 | പശു വളർത്തൽ (ജനറൽ)-സബ്സിഡി മാർഗരേഖ നിർദേശത്തിന് അനുസൃതമല്ലാത്ത ചെലവ്-തുക തടസ്സപ്പെടുത്തുന്നു. | 1-23 |
| 46 | പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 47 | മത്സ്യത്തൊഴിലാളികൾക്ക് വല/ഗിൽ നെറ്റ് നൽകൽ–പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 48 | ഹരിത കർമ്മ സേനക്ക് ഇലക്ട്രിക് വാഹനം വാങ്ങിയത്-ഉപയുക്തമാക്കേണ്ടതാണ്. | 1-26 |
| 49 | വലപ്പാട് ചന്തപ്പടിയിൽ പഞ്ചായത്ത് വക സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറിയത് - വിട്ടുകിട്ടുന്നതിന് സ്വീകരിച്ച തുടർനടപടികൾ | 1-27 |
| 50 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം, വാർഷിക കണക്കുകളുടെ ഓഡിറ്റ് | 1-28 |
| 51 | ആർട്ട്കോ മുഖേന നടത്തുന്ന വാങ്ങലുകൾ - സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ് | 1-29 |
| 52 | ഏകീകൃത സ്വഭാവമുള്ള പർച്ചേസുകൾക്ക് മൊത്തം ആവശ്യകത കണക്കാക്കി വാങ്ങൽ നടത്തിയില്ല | 1-30 |
| 53 | അങ്കണവാടികൾക്ക് കെട്ടിടം, ഭൗതിക സാഹചര്യങ്ങൾ എന്നിവ ഉറപ്പു വരുത്തേണ്ടതാണ് | 1-31 |
| 54 | അധിക തുക നൽകി-1035/-രൂപ ഈടാക്കേണ്ടതാണ് | 1-32 |
| 55 | ടെണ്ടർ കിഴിവ് വരുത്താതെ കരാറുകാരന് തുക അനുവദിച്ചതിനാൽ അധിക ചെലവ് - നഷ്ടം 1730/- രൂപ | 1-33 |
| 56 | ഓണം അഡ്വാൻസ് തിരികെ അടവാക്കിയില്ല | 1-34 |
| 57 | വായ്പ ബാധ്യത ഇല്ലാതിരിക്കെ വായ്പ തിരിച്ചടവ് ഇനത്തിൽ വികസനഫണ്ടിൽ നിന്നും തുക കുറവ് ചെയ്തു. | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അധിക തുക നൽകി-1035/-രൂപ ഈടാക്കേണ്ടതാണ് | 3-1 |
| 2 | ടെണ്ടർ കിഴിവ് വരുത്താതെ കരാറുകാരന് തുക അനുവദിച്ചതിനാൽ അധിക ചെലവ് - നഷ്ടം 1730/- രൂപ | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു വേണ്ടി ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-1 |
| 2 | സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഓഡിറ്റ് വർഷത്തിൽ മുൻകൂർ നൽകിയതിൽ ഇനിയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്- | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് വലപ്പാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.07.2023 ലെ 4 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 27.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം:തൃശ്ശൂർ**

**തീയതി: 19.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 വാർഷികകണക്കിൽ മുഴുവൻ ചെലവുകളും ഉൾപ്പെട്ടിട്ടില്ല

താഴെ പറയുന്ന ചെലവുകൾ ഉൾപ്പെടുത്താതെയാണ് വാർഷികകണക്ക് തയ്യാറാക്കിയിരിക്കുന്നത്.

1. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം
ചെലവ് തുക :180000രൂപ
BRN No.222375201650136495 8 തീയതി:17/03/2023

2.പ്രോജക്റ്റ് നം.127/22, കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം
ചെലവ് തുക :250000രൂപ (ബ്ലോക്ക് വിഹിതം),തീ.22.12.2022

3.പ്രോജക്റ്റ് നം.306/22,ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്
ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ
ചെലവ് തുക :90673/-

4.പ്രോജക്റ്റ് നം.311/22,ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്
ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ
ചെലവ് തുക :90674/-

5.പ്രോജക്റ്റ് നം.307/22, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(എസ്.സി.പി)
ചെലവ് തുക :62774/-

6.പ്രോജക്റ്റ് നം.312/22,ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(എസ്.സി.പി)
ചെലവ് തുക :62774/-

## 1-1-2 ആസ്തി വാങ്ങിയത് ചെലവായി രേഖപ്പെടുത്തി

സെക്രട്ടറി ,ഐ.സി.ഡി.എസ് സൂപ്പർ വൈസർ എന്നിവർ നിർവ്വഹിച്ച പ്രോജക്റ്റുകൾ മുഖേന ആസ്തി വാങ്ങുന്നതിന് ഉപയോഗിച്ച തുകകൾ ചെലവായി രേഖപ്പെടുത്തിതിരിക്കുന്നു.ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 27/23 Kunjunni Master Road Kana Nirmanam | **42201046/07.03.2023** | 190223 | 252110005 Roads-Drainage Renovation | ഉചിതമായ ആസ്തി ശീർഷകം. | Development Fund - Central Finance Commission Grant |
| 2 | 271/23-Mixer Grinder To Anganwadi | **42201423 /13.01.2023** | 119460 | 252170104 - Anganwadi Related Services | ഉചിതമായ ആസ്തി ശീർഷകം | Maintanance Fund Non Road |
| 3 | 88/23Equipments To Anganvadi | **42201390** / 28.12.2022 | 19670 | 251170104 - Anganwadi Related Services | ഉചിതമായ ആസ്തി ശീർഷകം | Development Fund - General |
| 4 | 88/23Equipments To Anganvadi | 4220**1383** / 27.12.2022 | 30330 | 251170104 - Anganwadi Related Services | ഉചിതമായ ആസ്തി ശീർഷകം | Development Fund - General |
| 5 | 97/23purchase Of Furniture To Angnwadis | **42201373** / 26.12.2022 | 39770 | 250140812 - Service Enterprices - Hunger Free Kerala - Upgradation Of Infrastructure Facilities Of Popular Hotels | ഉചിതമായ ആസ്തി ശീർഷകം | Development Fund - General |
| 6 | 113/23 Vathilpadi Sevanam | 4220**1397** / 30.12.2022 | 47088 | 250150523 -Social Security - Doorstep Service -Purchase Of Laptop | ഉചിതമായ ആസ്തി ശീർഷകം | Development Fund - General |
| 7 | 145/23-chayam Project | 4220**1419** / 13.01.2023 | 100000 | 251170104 -Anganwadi Related Service-purchase Of Furniture | ഉചിതമായ ആസ്തി ശീർഷകം | Development Fund - General |
| 8 | 145/23-chayam Project | 4220**1676** / 28.03.2023 | 299543 | 251170104 -Anganwadi Related Service-purchase Of Furniture | ഉചിതമായ ആസ്തി ശീർഷകം | Development Fund - General |
| 9 | 145/23-chayam Project | 4220**1391** **/ 28.12.2022** | 200000 | 251170104 -Anganwadi Related Service-purchase Of | ഉചിതമായ ആസ്തി ശീർഷകം | Development Fund - General |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | Toys And Equipments For Kids | | | |

ഇപ്രകാരം രേഖപ്പെടുത്തിയതിനാൽ പഞ്ചായത്തിന്റെ വാർഷികകണക്കുകൾ അയഥാർത്ഥമായ പ്രവർത്തനഫലവും സാമ്പത്തികസ്ഥിതിയും വെളിപ്പെടുത്തുന്നു.മേൽ ആസ്തികൾ 2023-24 വർഷത്തിൽ "Prior Period Items" ൽ ക്രമീകരിച്ച് ആസ്തിയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-3 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-1-4 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2023 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/2023 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200104 | CFC Basic Grant | 2609845 | 450210101 | Federal Bank (Egram Swaraj) 14250100118624 | 10518963 |
| | 320200113 | CFC Tied Grant | 6696036 | | | |
| | | ആകെ | 9305881 | | | |

### 1-1-5 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 20739158 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 26741369രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-6 "Directly Credited By Bank" തുകകൾ ക്രമീകരിച്ചില്ല

"Directly Credited By Bank" എന്ന ഇനത്തിൽ താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| അക്കൗണ്ട് നം/ബാങ്ക് | തീയ്യതി | തുക |
|---|---|---|
| TDCB Own Fund 10706045786 | 31.3.2023 | 138783 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷികകണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

### 1-1-7 " Directly Debited By Bank"തുകകൾ ക്രമീകരിച്ചില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ട്പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുക റീകൺസീലിയേഷൻ പത്രിക യിൽ " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് ബാങ്ക് റീകൺസീലിയേഷൻ പത്രികപൊരുത്തപ്പെടുത്തിയിട്ടുള്ളത്.

| അക്കൗണ്ട് നം/ബാങ്ക് | തീയ്യതി | തുക |
|---|---|---|
| Sbi Epayment 37047292268 | 31.3.2023 | 2168 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ ഉചിതമായ ശീർഷകത്തിൽ ആയതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .

ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

### 1-1-8 ബാങ്ക് അക്കൗണ്ടിൽ നെഗറ്റീവ് നീക്കിയിരിപ്പ്

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ LGTSB ,Thriprayar(79901300000166) ന്റെ നീക്കിയിരിപ്പ് -198673 രൂപയാണ്.മേൽ തുകക്കുള്ള 29.03.2023 ലെ ചെക്ക് മാറുന്നതിന് മുൻപ് മുഴുവൻ തുകയും സർക്കാർ തിരിച്ചെടുത്തതു മൂലമാണ് നീക്കിയിരിപ്പ് നെഗറ്റീവ് ആയതെന്ന് വാർഷികകണക്കിനോടോപ്പം സമർപ്പിച്ച കുറിപ്പിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

### 1-1-9 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 206795872 |
| ആകെ ചെലവ് (B) | | 194614823 |
| മിച്ചം തുക C= A-B | | 12181049 |
| Prior Period Income (I-19) | 149 | |
| Prior Period Expenditure (I-18) | -25836000 | |
| Net Difference Between Prior Period Income And Expenses ( D ) | | 25836149 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 38017198 |

Net Difference Between Prior Period Income And Expenses കണക്കാക്കിയതിൽ വ്യത്യാസം വന്നതിനാൽ((149-(-25836000)) എന്നതിനു പകരം 149-25836000എന്ന് കണക്കാക്കി).അപ്രകാരം ലഭിച്ചതുക 25835851 രൂപ 12181049 നോട് കൂടി കൂട്ടിയപ്പോൾ ലഭിച്ചതുക -13654802(12181049+(-25835851))രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/23 ലെ ബാലൻസ് ഷീറ്റിലെ Excess Of Income Over Expenditure എന്ന ശീർഷകത്തിലെ തുക കണക്കാക്കിയതിൽ വ്യത്യാസം വന്നിട്ടില്ല.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 15885262 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | 38017198 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് | 53902460 |

### 1-1-10 വസ്തു നികുതി -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക

ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3819769 | 37857 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 3803998 | 53628 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Residential Building ന്റെ ലെഡ്ജർ) |

നോൺ റെസിഡൻഷ്യൽ

| | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3494785 | 41548 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 3488367 | 46940 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On Non Residential Building ന്റെ ലെഡ്ജർ) |

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 42959 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 43024 |
| | ((9797+35378)/105*100)) (2021-22ബാലൻസ്ഷീറ്റ്ഷെഡ്യൂൾ ബി-15) |

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 1849764 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 1848592 |
| | ((310985+1630037)/105*100)) (2021-22ബാലൻസ്ഷീറ്റ്ഷെഡ്യൂൾ ബി-15) |

## 1-1-11 ലൈബ്രറി സെസ്സ് - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല

ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ്(തൻവർഷം + കുടിശ്ശിക) | കളക്ഷൻ(തൻവർഷം + കുടിശ്ശിക) | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 198558 | 195539 | 2560 | |
| | നോൺ-റെസിഡൻഷ്യൽ | 280672 | 180858 | 2151 | |
| | ആകെ | 479227 | 376397 | 4711 | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 482053 | 375668 | --- | 381108 (1394+194145+ 2560+5277+175581+2151) |
| | | 94680+387373= (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt . Cess/levies...... ലെഡ്ജർ 2022-23) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-35(വരവ്)) | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2022-23) |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വാർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിത ക്രിയയിൽ തന്നെ വ്യത്യാസം വന്നിരിക്കുന്നു.ഡിമാന്റ്-(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്)=ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് ഇനത്തിൽ തൻവർഷം കളക്ഷൻ വാർഷിക കണക്ക് പ്രകാരം 375668 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 376397 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 381108 രൂപയാണ്.

(വൗച്ചർ നം.42201249, 42201250, 42201252, 42201256, 42201257, 42201259) തീ.31.3.2023(1394+194145+2560+5277+175581+2151=381108)

## 1-1-12 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 597999 | 626254 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 224522 | 235399 |

## 1-1-13 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-14 "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18,ഐ-19) പ്രകാരം "190000000-Prior Period Income", "290000000- Prior Period Expenditure" എന്നീ ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ (I-18,I-19) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800701-Prior Period Expenses-Miscellaneous Expenses( I-18) | -25836000 |
| 190100101-Prior Period Income -Property Tax (I-19) | 3107 |
| 190100102-Prior Period Income -Professiontax(inst/traders)(I-19) | -2958 |

## 1-1-15 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.

## 1-1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-17 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഫാക്ടറി-വ്യപാര ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4. വിനോദ നികുതി രജിസ്റ്റർ

5. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

8.ക്രമറ്റോറിയം വരവ് രജിസ്റ്റർ

## 1-1-18 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട ഇനങ്ങൾ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട വാടക,ലേലം എന്നീ ഇനങ്ങളിലെ തുകകൾ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.വാടക

| ഡിമാന്റ് | | | | കളക്ഷൻ | | | | | | ബാലൻസ് | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | | രജിസ്റ്റർ പ്രകാരം | | വാർഷിക കണക്ക് പ്രകാരം | | | രജിസ്റ്റർ പ്രകാരം | | | വാർഷിക കണക്ക് പ്രകാരം | | രജിസ്റ്റർ പ്രകാരം | |
| കുടിശ്ശിക | തൻവർഷം | കുടിശ്ശിക | തൻവർഷം | കുടിശ്ശിക | തൻവർഷം | മുൻകൂർ ക്രമീകരിച്ചത് | കുടിശ്ശിക | തൻവർഷം | മുൻകൂർ ക്രമീകരിച്ചത് | കുടിശ്ശിക | തൻവർഷം | കുടിശ്ശിക | തൻവർഷം |
| 246407 | 1183490 | 246407 | 1199114 | 149572 | 1155261 {1143612+11649*(head Correction)} | 28229 | 149572 | 1143612 | 39878 | 96835 | 0 | 96835 | 15624 |

*വാർഷികകണക്ക് ലെഡ്ജർ 431400101 പ്രകാരം 'Head Correction' ആയി വരവ് വച്ച 11649 രൂപ തൻവർഷ വാടകവരവാണ്.എന്നാൽ രജിസ്റ്ററിൽ മേൽ തുക മുൻകൂർ ക്രമീകരിച്ചത് എന്നാണ് (28229+11649=39878) രേഖപ്പെടുത്തിയിട്ടുള്ളത്.

2.ലേലം

| ഇനം | ഡിമാന്റ് | | കളക്ഷൻ | |
|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
| ലേലം (മണ്ണ്) | 12350 | 9350 | 9350 | 9350 |
| ലേലം (പാഴ് വസ്തുക്കൾ) | 65664 | 11000 | 54676 | 11000 |

വ്യത്യാസത്തിനുള്ള കാരണം കണ്ടെത്തി 2023-24 വർഷത്തിൽ പരിഹരിക്കേണ്ടതാണ്

**1-1-19 വാടക കുടിശ്ശിക ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല**

തൻവർഷ വാടകകുടിശ്ശിക 15624 രൂപ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 Rent Receivables From Buildings(Current) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.വാർഷിക കണക്ക് ഡിമാന്റിൽ മേൽ തുക ഉൾപ്പെടുത്തിയിട്ടില്ലെന്ന് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.2023-24 വർഷം മേൽ തുക അരിയർ ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-1-20 വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്/ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല**

താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് / സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കുകളിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|
| CFC Tied | 5022540 | 6235622 | 1213082 |

**1-1-21 സ്ഥിര നിക്ഷേപ പലിശ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല**

2022-23 വർഷാരംഭത്തിലെ സ്ഥിര നിക്ഷേപ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | നിക്ഷേപതുക/തീയതി | കാലയളവ് | പലിശ ശതമാനം |
|---|---|---|---|
| Valapad Service Cooperative Bank LTD FD No.167370 A/c No.130111 | 6258000/30.09.22 | 12 Months | 7% |
| Valapad Service Cooperative Bank LTD FD No.135716 A/c No.135716 | 3112813/28.03.22 | 12 Months | 7% |
| Thrissur District Cooperative Bank LTD | 1980569/22.12.22 | 12 Months | 6.25% |

| | | | |
|---|---|---|---|
| FD No.091539 | | | |
| Thrissur District Cooperative Bank LTD FD No.222726 | 6223644/22.03.22 | 12 Months | 7% |
| ആകെ തുക | 17584447 | | |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 17584447 രൂപയാണ് സ്ഥിര നിക്ഷേപമായി ചേർത്തിട്ടുണ്ട്.എന്നാൽ ഇൻകം &എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-7 Income From Investments എന്ന ശീർഷകത്തിലെ തുക പൂജ്യമാണ്.പലിശ വരവ് വെക്കാത്തതിന്റെ കാരണം പരിശോധിച്ച് വരും വർഷത്തിൽ അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-22 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

2022-23 വർഷത്തിൽ താഴെ പറയുന്ന രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല

1.അഡ്വാൻസ് രജിസ്റ്റർ

2.ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ

3.ഡെപ്പോസിറ്റ് രജിസ്റ്റർ

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 22/03/2022 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 3689583404 | 347706000 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി കമ്മിറ്റി തീരുമാനം | 21/03/2023 | |
| കമ്മിറ്റി തീരുമാനം | 2(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 389890621 | 348906000 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായതുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | | 0 | 34510000 | 34510000 | 30772584 | 3737416* |
| വികസന ഫണ്ട്- എസ് സി പി | | 0 | 15520000 | 15520000 | 14701818 | 818182* |
| വികസന ഫണ്ട്- ടി എസ് പി | | 0 | 0 | 0 | 0 | 0 |
| മെയിൻറനൻസ് റോഡ് | | 0 | 14810000 | 14810000 | 4474795 | 10335205* |
| മെയിൻറനൻസ് നോൺ റോഡ് | | 0 | 7771000 | 7771000 | 5052988 | 2718012* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് CFC TIED | ബാങ്ക് | 4079692 | 8265000 | 12344692 | 5648656 | 6696036** |
| | ട്രഷറി | 0 | 586966 | 586966 | 586966 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് | ബാങ്ക് | 842716 | 5816305 | 6663021 | 4049176 | 2609845** |
| | ട്രഷറി | 0 | 187290 | 187290 | 0 | 187290* |

| | | | | | |
|---|---|---|---|---|---|
| CFC UNTIED | | | | | |
| Total Sanitation Campaign | 200000 | 0 | 200000 | 200000 | 0 |
| Grant From Suchithwa Mission | 410303 | 177765 | 588068 | 588068 | 0 |
| Fund For Transfered Institution | 67732 | 0 | 67732 | 0 | 67732** |
| Grant For Specific Purpose | 12538 | 0 | 12538 | 0 | 12538** |
| Other Grants | 10000 | 0 | 10000 | 0 | 10000** |
| Donation Pandemic | 50000 | 0 | 50000 | 50000 | 0 |
| Grants And Funds | 0 | 15580 | 15580 | 0 | 15580** |
| HEALTH GRANT (DIAGOSTIC Infrastructure To PHC) | 0 | 421044 | 421044 | 399655 | 21389** |
| HEALTH GRANT (Wellness) | 0 | 246556 | 246556 | 229383 | 17173** |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ICDS | 1407242 | 2694930 | 4102172 | 282621 | 2412309** |

കുറിപ്പ് – 1 ) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.സി.എഫ്.സി ടൈഡ് ഫണ്ടിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കുകളിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല. (വിശദാംശം ഖണ്ഡിക 1-1-20 ൽ രേഖപ്പെടുത്തിയിട്ടുണ്ട്).

മേൽ അപാകതകൾ പരിഹരിച്ച ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

3)ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്(എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിൻറെ ശതമാനം |
|---|---|---|---|---|---|
| 234 | 154825249 | 173 | 83505410 | 53.9 | 73.93 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1 | 1099706 | 1099707 | 1098016 | 1691 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26524343 | 26524343 | 26524343 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 2843179 | 2843179 | 2843179 | 0 |
| ആകെ | 1 | 30467228 | 30467229 | 30465538 | 1691 |

## 1-6 ക്ഷേമ പദ്ധതികൾ ( ഇൻകം ആന്റ് എക്സ്പെൻഡിച്ചർ I-6 പ്രകാരമുള്ളത് )

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1613800 | 146 |
| വിധവാ പെൻഷൻ | 16873000 | 1577 |
| വാർദ്ധക്യകാല പെൻഷൻ | 37899200 | 3662 |
| വികലാംഗപെൻഷൻ | 4443200 | 409 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1702600 | 157 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.11.2023 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബുക്ക് പ്രകാരമുള്ള 92,836/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

വാർഷിക കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ലൈഫ് ഭവനപദ്ധതി പൂർത്തീകരിക്കുന്നതിൽ ക്രിയാത്മകമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതുവരുമാനം യഥാസമയം ലഭ്യമാകുന്നതിന് സന്ദർഭോചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമാണചട്ടങ്ങൾ പാലിക്കുന്നതിന് വേണ്ടുന്ന രേഖകൾ യഥാസമയം ബന്ധപ്പെട്ട കക്ഷികളിൽനിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-9 തനത് വരുമാനം - പൊതുഅവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി എല്ലാ വാർഡുകളിലും 03.11.2022 മുതൽ 02.02.2022 വരെയുള്ള കാലയളവിൽ വസ്തുനികുതി കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. 20 വാർഡുകളിലേയും കുടിശ്ശികയുള്ള കെട്ടിടങ്ങൾക്ക് 2022 സെപ്റ്റംബർ മാസം CDS അംഗങ്ങൾ വഴി ഡിമാന്റ് നോട്ടീസ് എത്തിച്ച് നൽകുകയും, സഞ്ചയ മുഖേന അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക ഉള്ളവർക്ക് ആർ.ആർ നോട്ടീസ് നൽകി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വലപ്പാട് ഗ്രാമപഞ്ചായത്ത് 3 വർഷം തുടർച്ചയായി 100% നികുതി പിരിവ് കൈവരിച്ചിട്ടുള്ളതിനാൽ 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം കുടിശ്ശികയും അത് ഏതു കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും വാർഷികകണക്കിലെ ബാലൻസ്ഷീറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു. കുടിശ്ശിക തുകകൾ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. നികുതി പിരിവിന് മുന്നോടിയായി ഡിസിബി സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി ഭരണസമിതിയിൽ അവതരിപ്പിക്കുകയും നികുതി പിരിവ് 100% കൈവരിക്കുന്നതിന് ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സഹായസഹകരണവും, ഭരണസമിതിയുടെ 100% പിന്തുണയും നൽകുന്നതിന് വേണ്ട നടപടികൾ അവലംബിക്കാറുണ്ട്. നികുതിപിരിവ് സംബന്ധിച്ച് വാർഡ് ക്ലർക്കുമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യേണ്ടതാണ്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും വരവ്-ചെലവ് കണക്കുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കുകയും ആയത് ഗ്രാമസഭ അംഗീകരിച്ച് മിനിറ്റ്സിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.01/30.10.2023)

### വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയിതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) | |
|---|---|---|---|---|
| വസ്തുനികതി റെസിഡൻഷ്യൽ | 3709770 | 3845518 | 3.66% | 376 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു. |
| വസ്തുനികതി നോൺ റെസിഡൻഷ്യൽ | 3381601 | 3743358 | 10.70% | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 439520 | 520680 | 18.47% | |
| തൊഴിൽ നികുതി - ജീവനക്കാർ | 6784060 | 9129560 | 34.57% | |
| FACTEOS ലൈസൻസ് | 202050 | 246800 | 22..15% | |
| വിനോദ നികുതി | 135726 | 2125049 | 1465.69% | |

ഗ്രാമപഞ്ചായത്തിന്റെ നികുതി നികുതിയിതര വരുമാനങ്ങളുടെ വർദ്ധനവ് തൃപ്തികരമാണ്. വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

01.04.2023 ലെ വസ്തു നികുതി പരിഷ്കരണങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശയോടെ സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ മേഖല തരംതിരിവ്, റോഡുകളുടെ അടിസ്ഥാനത്തിലുള്ള തരംതിരിവ് എന്നിവ സംബന്ധിച്ച കരട് വിജ്ഞാപനം വലപ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.05.2023 തീയതിയിലെ 1(1), 1(2), 1(3) എന്നീ നമ്പർ തീരുമാനങ്ങൾ പ്രകാരം 15.05.2023 തിയതിയിൽ പുറപ്പെടുവിച്ച് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും ദിനപത്രങ്ങളിൽ പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ യാതൊരു പരാതിയും ലഭിക്കാത്ത സാഹചര്യത്തിൽ ഭരണസമിതിയുടെ 24.06.2023 തീയതിയിലെ 3(1) നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ വസ്തു നികുതി നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ 25.09.2023 മുതൽ അസസ് ചെയ്തിട്ടുള്ള പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലാണ് നികുതി ഈടാക്കുന്നത്. 01.04.2023 തീയതിയിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് IKM -ൽ നിന്നും സോഫ്റ്റ്‌വെയർ അപ്ഡേഷൻസ് ലഭ്യമാകുന്ന മുറക്ക് പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

2022-23 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. 5% വർദ്ധനവിൽ നികുതി നിലവിൽ ഈടാക്കുന്നുണ്ട്. 2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഭൂപ്രദേശത്തെ പ്രഥമം, ദ്വിതീയം എന്നിങ്ങനെ മേഖലകൾ ആയി തരംതിരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ മേഖലാ തലത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ വാർഡ് തലത്തിലുള്ള റോഡ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. റോഡ് മാപ്പ് തയ്യാറാക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം പദ്ധതിയിൽ തുക വകയിരുത്തിയിരുന്നു. 2022-23 വർഷം പദ്ധതി പൂർത്തിയാകാത്തതിനാൽ 2023-24 വർഷം സ്പിൽ ഓവറായി തുടരുന്നു.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സർക്കുലർ RB3/178/2020-ത.സ്വ.ഭ.വ തിയതി.20.06.2022 പ്രകാരം ഫീൽഡ് സന്ദർശനങ്ങൾ നടത്തുന്നുണ്ട്. നിലവിൽ അത്തരത്തിലുള്ള അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ കുറവ്

നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായി കാണുന്നു. പുതിയ വിജ്ഞാപന പ്രകാരം നികുതി നിരക്കുകൾ പരിഷ്കരിക്കുമ്പോൾ ടി കെട്ടിടങ്ങൾക്ക് തെറ്റായ നിരക്കിൽ നികുതി നിർണയിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഇത്തരത്തിൽ നികുതി നിർണയം നടത്തുമ്പോൾ വൻ തോതിലുള്ള വരുമാന നഷ്ടത്തിനും ഇടയുണ്ട്. ആയതിനാൽ കെട്ടിടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിനു ശേഷം ബാധകമായ നിരക്കിൽ നികുതി നിർണയിക്കേണ്ടതാണ്.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്. കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇല്ല.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നുണ്ട് എന്ന് അറിയിച്ചെങ്കിലും ആയത് പരിശോധനക്ക് ലഭ്യമാക്കിയില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നുണ്ട്. അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, ലൈസൻസികൾ തുടങ്ങിയവരിൽ നിന്നും 2023-24 സാമ്പത്തികവർഷം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ഓഡിറ്റോറിയങ്ങൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.06/01.11.2023)

വിനോദനികുതി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സിനിമ തിയേറ്ററിൽനിന്നും വിനോദനികുതിയിനത്തിൽ നല്ലൊരു തുക പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ട്. പഞ്ചായത്ത് പരിധിയിൽ ടർഫ് കോർട്ട് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പരാമർശയിനത്തിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ച് ഇതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടില്ല. അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ പ്രവർത്തന അനുമതി നല്കിയിട്ടില്ല. 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല.

**നികുതിയേതര വരവുകൾ**

(1) വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും,ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് ഭേദഗതി ചട്ടങ്ങൾ,2017ലെ ചട്ടം 18,21,24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, വാടക, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന

കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നുണ്ട്. വാടക കുടിശ്ശികയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) മറ്റിനങ്ങൾ

പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന ക്രമറ്റോറിയത്തിൽ നിന്നും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ട്. പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-10 രസീത് പരിപാലനം - അപാകങ്ങൾ**

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.രസീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ തീയതി എഴുതിച്ചേർത്തിരിക്കുന്നു.
രസീത് ബുക്ക് 6802 , രസീത് നം. 56-87

2.രസീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല

രസീത് ബുക്ക് 6782 , രസീത് നം. 92-100

രസീത് ബുക്ക് 6785, രസീത് നം. 1-49

3.കൃഷി ഓഫീസർക്ക് ഇഷ്യൂ ചെയ്തിട്ടുള്ള രസീത് ബുക്ക് 6791 , രസീത് നം. 99 പ്രകാരമുള്ള തുക 565/- രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

4.അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇഷ്യൂ ചെയ്തിട്ടുള്ള രസീത് ബുക്ക് നം. 6784 (രസീത് നം. 1 മുതൽ 31 വരെ) ഡ്യൂപ്ലിക്കേറ്റ് രസീതല്ല അസ്സൽ രസീതുകളാണ് പാർട്ടിക്ക് നല്കിയിട്ടുള്ളത്. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 20)

രസീത് പരിപാലനവുമായി ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.21/04.11.2023)

## 1-11 ജീവനക്കാരിൽ നിന്നും സ്ലാബ് പ്രകാരമുള്ള തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സ്ലാബ് പ്രകാരമുള്ള തുക പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി/ രസീത് നം | കുറവ് |
|---|---|---|---|---|---|---|---|
| 1 | ഹരിത | Maben Nidhi Ltd | ഒന്നാം അർദ്ധവർഷം | 76512 | 750 | 600 1220102851/ 16.09.2022 | 150 |
| 2 | രേഷ്മ സി.എസ് | CHC വലപ്പാട് | രണ്ടാം അർദ്ധവർഷം | 64161 | 600 | 450 1220107802/ 24.02.2023 | 150 |
| 3 | സ്റ്റെല്ല രാജു | CHC വലപ്പാട് | രണ്ടാം അർദ്ധവർഷം | 64161 | 600 | 300 1220107802/ 24.02.2023 | 300 |
| 4 | സുഷിത ടി.എസ് | CHC വലപ്പാട് | രണ്ടാം അർദ്ധവർഷം | 52645 | 450 | 300 1220107802/ 24.02.2023 | 150 |
| 5 | രവീണ കെ.ആർ. | CHC വലപ്പാട് | രണ്ടാം അർദ്ധവർഷം | 64161 | 600 | 180 1220107802/ 24.02.2023 | 420 |
| 6 | ലിന്റ വി.എസ് | GFLPS പള്ളിപ്രം | രണ്ടാം അർദ്ധവർഷം | 115999 | 1000 | 750 1220107561/ 17.02.2023 | 250 |
| 7 | ഹസ്ന കാസിം | Manappuram HCL Vision Plus | രണ്ടാം അർദ്ധവർഷം | 97164 | 750 | 180 1220107864/ 25.02.2023 | 570 |
| 8 | അമിത്ത് പി.ജെ. | Maben Nidhi Ltd | രണ്ടാം അർദ്ധവർഷം | 104154 | 1000 | 750 1220108072/ 03.03.2023 | 250 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.06/01.11.2023), മേല്പറഞ്ഞ വ്യക്തികൾ കുറവുണ്ടായിരുന്ന തുക അടവാക്കിയതായി ബന്ധപ്പെട്ട രസീതുകൾ സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന് കിട്ടേണ്ട വരുമാനം സമയബന്ധിതമായി ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം

ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തികവർഷം വലപ്പാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.06/01.11.2023) മറുപടി ലഭ്യമാക്കിയെങ്കിലും താഴെ ചേർക്കുന്ന കരാറുകാർ തൊഴിൽനികുതി അടവാക്കിയതിന്റെ രസീത് വിവരം ഹാജരാക്കിയിട്ടില്ല.

- പ്രവീൺ കെ പ്രേമൻ
- റിഷിൻ കെ.എ.
- വിനീഷ് കെ.വി.
- Water World,Thrissur
- സിദ്ദീഖ് പി.ബി.
- സരിൻ ഒ.എസ്.
- ആഷിക്ക് കെ.എം.
- നന്ദകുമാർ കെ.എസ്.

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.06/01.11.2023)

## 1-13 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FACTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ആവശ്യമായ ജോലിക്കാരുടെ എണ്ണം |
|---|---|---|
| 1 | അദീസ് ഇന്റീരിയൽസ് | 9 |
| 2 | സിറ്റി സോ മിൽ | 5 |
| 3 | ഫ്ലേക്ക് പ്ലാസ്റ്റോ എന്റർപ്രൈസസ് | 5 |
| 4 | Bredsoft | 5 |
| 5 | Printing Press | 11 |
| 6 | തനി നാടൻ സീഫുഡ് ഫാമിലി റസ്റ്റോറന്റ് | 8 |
| 7 | എടമുട്ടം സ്റ്റീൽസ് | 5 |
| 8 | ബ്ലൂൺ ഇന്റസ്ട്രീസ് | 6 |
| 9 | വില്ലേജ് റസ്റ്റോറന്റ് | 6 |
| 10 | കെ.കെ. എജൻസീസ് | 6 |
| 11 | Wedding Desire Matrimony | 5 |
| 12 | Take Care Polyclinic | 5 |
| 13 | Mafarm Fresh | 6 |
| 14 | E S Vegetables | 6 |
| 15 | ദേവി പൂജ സ്റ്റോഴ്സ് | 5 |
| 16 | വിജീസ് എഞ്ചിനീയറിംഗ് വർക്സ് | 5 |

| | | |
|---|---|---|
| 17 | മൈക്രോ സിസ്റ്റംസ് | 5 |
| 18 | Tabuk Cement Block Factory | 12 |
| 19 | Kwaja Foods | 5 |
| 20 | മൗലാന ഫാമിലി റസ്റ്റോറന്റ് | 6 |
| 21 | തനിമ ഫ്രഷ് വെജിറ്റബിൾസ് | 5 |

ഇത് സംബന്ധിച്ച് കാരണം അറിയിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.09/03.11.2023), മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിശോധനയിൽ വാർഡ് നം. IX കെട്ടിട നം. 561 ആയിട്ടുള്ള ഡിഷ്നെറ്റ് വയർ - ലെസ്സ് ലിമിറ്റഡ് കൊച്ചി - മൊബൈൽ ടവർ ( 7 $M^2$) കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. 2013 ഒന്നാം അർദ്ധവർഷം മുതൽ നാളിതു വരെ കുടിശ്ശിക വന്നിട്ടുള്ള തുക 44,100/-രൂപയാണ്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/03.11.2023) ആർ.ആർ.നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഉടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണയ വിവരം ലഭ്യമാക്കേണ്ടതാണ്

ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്റർ പ്രകാരം താഴെ ചേർക്കുന്ന മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

| ക്രമനം | ഫയൽ | ടവർ | വാർഡ്/ സർവ്വേ നം | തറവിസ്തീർണം | പെർമിറ്റ് അപേക്ഷാ തീയതി | സ്ഥാപനത്തിൽ നിന്നുള്ള അറിയിപ്പ് കത്തിന്റെ തീയതി |
|---|---|---|---|---|---|---|
| 1 | എസ്.സി2/1751/2023 | Indus Tower Ltd | വാർഡ് 16 -വലപ്പാട് വില്ലേജ് 357/5B | ഷെൽട്ടർ റൂം 1.8 X 1.5 =2.70 $M^2$ ടവർ 1.95 X 1.95 X 1.95 | 07.02.2023 | 30.01.2023 |
| 2 | എസ്.സി2/2272/2023 | Indus Tower Ltd | വാർഡ് 15 വലപ്പാട് വില്ലേജ് 305/4-2 | ഷെൽട്ടർ റൂം 1.8 X 1.5 =2.70 $M^2$ ടവർ 1.95 X 1.95 X 1.95 | 22.02.2023 | 20.02.2023 |

മേൽ ഫയലുകളിൽ ഇൻഡസ് ടവർ ലിമിറ്റഡ് 10,000 രൂപ വീതം പെർമിറ്റ് ഫീസ് അടവാക്കിയിട്ടുണ്ട്. പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന് സാങ്കേതിക വിഭാഗം അറിയിച്ചിട്ടുണ്ട്. എന്നാൽ പെർമിറ്റ് നൽകിയതിന്റെ വിവരം അപേക്ഷാ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ പെർമിറ്റ് നല്കിയതിന്റെ ഉത്തരവ് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. സ്ഥാപനം നൽകിയ ഇന്റിമേഷൻ (അറിയിപ്പ്) കത്ത് പ്രകാരം ടവറിന്റെ പണി ആരംഭിക്കുന്നതായി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ വസ്തു നികുതി നിർണയിച്ചിട്ടില്ല.

26.2.2022 ലെ നം. ആർ.ഡി.3/94/2020 /ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം ടവറുകളുടെ തറവിസ്തീർണവും ജനറേറ്ററും മറ്റ് അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണവും ഉൾപ്പെടുത്തിയാണ് മൊബൈൽ ടവറുകളുടെ

തറവിസ്തീർണം കണക്കാക്കേണ്ടതെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

പ്രസ്തുത ടവറുകളിൽ സ്ഥല പരിശോധന നടത്തിയതിന്റേയും മേൽ സർക്കുലർ പ്രകാരം വസ്തു നികുതി നിർണയിച്ചതിന്റേയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 24/04.11.2023)

## 1-16 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**എ) മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.**

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 01/30.11.2023).

**ബി) ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തിനികുതി നിർണ്ണയംനടത്തി.**

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ ഒന്ന്, രണ്ട് വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തിയതായി കാണുന്നു. (ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണ് താഴെ ചേർത്തിരിക്കുന്നത്).

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | റോഡ് തരം | പ്രദേശം | മേഖല |
|---|---|---|---|---|---|
| 1 | 1/37 | പ്രസന്നൻ കളരിക്കൽ | 5 മീറ്ററോ അതിൽ കൂടുതൽ | കോസ്റ്റൽ റോഡ് | ദ്വിതീയം |
| | 1/37 A | ഉത്തമൻ കളരിക്കൽ | 5 മീറ്ററോ അതിൽ കൂടുതൽ | കോസ്റ്റൽ റോഡ് | പ്രഥമം |
| 2 | 1/221 | ബാലൻ ഇരിങ്ങത്തുരുത്തി | 1.5 മീറ്ററിൽ കൂടുതൽ | പൈപ്പുള്ളി റോഡ് | പ്രഥമം |
| | 1/221 A | വത്സല ഇരിങ്ങത്തുരുത്തി | 1.5 മീറ്ററിൽ കൂടുതൽ | പൈപ്പുള്ളി റോഡ് | ദ്വിതീയം |
| 3 | 1/308 | സുമതി കിഴക്കൻ | 1.5 മീറ്ററിൽ കൂടുതൽ | എ.എസ്.മുരളീധരൻ റോഡ് | ദ്വിതീയം |
| | 1/308 A | മോഹനൻ കിഴക്കൻ | 1.5 മീറ്ററിൽ കൂടുതൽ | എ.എസ്.മുരളീധരൻ റോഡ് | പ്രഥമം |
| 4 | 1/313 | തിലകൻ വിക്രംഞ്ചേരി | 1.5 മീറ്ററിൽ കൂടുതൽ | എ.എസ്. മുരളീധരൻ റോഡ് | ദ്വിതീയം |
| | 1/313 A | ജ്യോതിപാലൻ വളവത്ത് | 1.5 മീറ്ററിൽ കൂടുതൽ | എ.എസ്. മുരളീധരൻ റോഡ് | പ്രഥമം |
| 5 | 1/331 A | അബ്ദുൾ ഖാദർഏറച്ചംവീട്ടിൽ | 1.5 മീറ്ററിൽ കൂടുതൽ | പ്രൈവറ്റ് റോഡ് | പ്രഥമം |

| | | | | | |
|---|---|---|---|---|---|
| | 1/331 B | അബ്ദുൾ ഖാദർഏറച്ചംവീട്ടീൽ | 1.5 മീറ്ററിൽ കൂടുതൽ | പ്രൈവറ്റ് റോഡ് | ദ്വിതീയം |
| 6 | 1/442 B | ഷൺമുഖൻപന്നിപുലത്ത് | 1.5 മീറ്ററിൽ കൂടുതൽ | ജി.ഡി.എം. റോഡ് | പ്രഥമം |
| | 1/442 A | ഷിനോയ് പന്നിപുല്ലത്ത് | 1.5 മീറ്ററിൽ കൂടുതൽ | ജി.ഡി.എം. റോഡ് | ദ്വിതീയം |
| 7 | 2/1 | മോഹനൻ വടക്കിട്ടിൽ | 5 മീറ്ററോ അതിൽ കൂടുതൽ | വെസ്റ്റ് ടിപ്പു സുൽത്താൻ റോഡ് | പ്രഥമം |
| | 2/1 A | മോഹനൻ വടക്കെട്ടി | 5 മീറ്ററോ അതിൽ കൂടുതൽ | വെസ്റ്റ് ടിപ്പു സുൽത്താൻ റോഡ് | ദ്വിതീയം |
| 8 | 2/5 | ത്രിവിക്രമൻ കാക്കനാട്ട് | 1.5 മീറ്ററിൽ കൂടുതൽ | ജി.ഡി.എം. ലിങ്ക് റോഡ് | പ്രഥമം |
| | 2/6 | ലീല വളവത്ത് | 1.5 മീറ്ററിൽ കൂടുതൽ | ജി.ഡി.എം. ലിങ്ക് റോഡ് | ദ്വിതീയം |
| 9 | 2/16 | പൂത്തൂർക്ഷേത്രം | 1.5 മീറ്ററിൽ കൂടുതൽ | ജി.ഡി.എം. ലിങ്ക് റോഡ് | ദ്വിതീയം |
| | 2/17 | ഷണ്മുഖൻ പൂത്തൂര് | 1.5 മീറ്ററിൽ കൂടുതൽ | ജി.ഡി.എം. ലിങ്ക് റോഡ് | പ്രഥമം |
| 10 | 2/21 | ഹരിദാസൻ പുതുപറമ്പിൽ | 1.5 മീറ്ററിൽ കൂടുതൽ | എ.എസ്.സിറോഡ് | പ്രഥമം |
| | 2/21 C | സത്യൻ തെക്കിനിയേടത്ത് | 1.5 മീറ്ററിൽ കൂടുതൽ | എ.എസ്.സിറോഡ് | ദ്വിതീയം |
| 11 | 2/34 | വ്യാസമുത്തു വിക്രംഞ്ചേരി | 1.5 മീറ്ററിൽ കൂടുതൽ | എ.എസ്.സിറോഡ് | ദ്വിതീയം |
| | 2/35 | മോഹനൻ തെക്കെവളപ്പിൽ | 1.5 മീറ്ററിൽ കൂടുതൽ | എ.എസ്.സിറോഡ് | പ്രഥമം |
| 12 | 2/37 | മാമു പട്ടാലി | 1.5 മീറ്ററിൽ കൂടുതൽ | എ.എസ്.സിറോഡ് | പ്രഥമം |
| | 2/37 A | പ്രത്യാംഗിര താണിയത്ത് | 1.5 മീറ്ററിൽ കൂടുതൽ | എ.എസ്.സിറോഡ് | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| 13 | 2/44 | സുബ്രഹ്മണ്യന് തിരിയേടത്ത് | 1.5 മീറ്ററിൽ കൂടുതൽ | എ.എസ്.സിറോഡ് | ദ്വിതീയം |
| | 2/45 | കമല മന്ത്ര | 1.5 മീറ്ററിൽ കൂടുതൽ | എ.എസ്.സിറോഡ് | പ്രഥമം |
| 14 | 2/55 | ഗോപാലൻ വളവത്ത് | 1.5 മീറ്ററിൽ കൂടുതൽ | ജി.ഡി.എം. ലിങ്ക് റോഡ് | ദ്വിതീയം |
| | 2/56 | രവീന്ദ്രൻ വളവത്ത് | 1.5 മീറ്ററിൽ കൂടുതൽ | ജി.ഡി.എം. ലിങ്ക് റോഡ് | പ്രഥമം |
| 15 | 2/68 | ബബിത പള്ളിപ്പറമ്പിൽ | 1.5 മീറ്ററിൽ കൂടുതൽ | ജി.ഡി.എം. ലിങ്ക് റോഡ് | ദ്വിതീയം |
| | 2/69 | ബാലൻ വേളേക്കാട്ട് | 1.5 മീറ്ററിൽ കൂടുതൽ | ജി.ഡി.എം. ലിങ്ക് റോഡ് | പ്രഥമം |
| 16 | 2/77 | സുമിത്ര തച്ചപ്പുള്ളി | 5 മീറ്ററോ അതിൽ കൂടുതൽ | വലപ്പാട് ബീച്ച് റോഡ് | ദ്വിതീയം |
| | 2/78 | സുരേഷ് തച്ചപുള്ളി | 5 മീറ്ററോ അതിൽ കൂടുതൽ | വലപ്പാട് ബീച്ച് റോഡ് | പ്രഥമം |

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേഖലാനിർണ്ണയം സംബന്ധിച്ച അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 10/03.11.2023)

## 1-17 വസ്തു നികുതി നിർണയം - അടിസ്ഥാന നിരക്ക് തെറ്റായി രേഖപ്പെടുത്തി

പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 30/- രൂപയും 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 60/- രൂപയും ആണ്. സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തീർണം 100 ച.മീറ്ററിലും കൂടുതലാണ്. എന്നാൽ വസ്തു നികുതി നിർണയത്തിൽ അടിസ്ഥാന നിരക്ക് 60/- രൂപക്ക് പകരം 30/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം | നിലവിൽ ചുമത്തുന്ന വാർഷിക വസ്തുനികുതി | | | | | | ചുമത്തേണ്ട വാർഷിക വസ്തുനികുതി | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | അടിസ്ഥാന വസ്തുനികുതി | ഇളവുകൾ | വർദ്ധനവ് | അടിസ്ഥാന വസ്തുനികുതി-ഇളവുകൾ+വർദ്ധനവ് | ലൈബ്രറി സെസ്സ് (5%) | വാർഷിക വസ്തുനികുതി | അടിസ്ഥാന വസ്തുനികുതി | ഇളവുകൾ | വർദ്ധനവ് | അടിസ്ഥാന വസ്തുനികുതി-ഇളവുകൾ+വർദ്ധനവ് | ലൈബ്രറി സെസ്സ് (5%) | വാർഷിക വസ്തുനികുതി |
| 1 | 4/705 | പ്രസിഡൻറ് എസ് എൻ ഡി പി യോഗം വലപ്പാട് | 106.3 | 3189 | 0 | (വഴിസൗകര്യം 20%) 637.8 | സഞ്ചയ പ്രകാരം – 4019 (3826.8) | 201 | **4220** | 6378 | 0 | (വഴിസൗകര്യം 20%) 1275.6 | 7653.6 | 382.68 | **8036.28** |
| 2 | 10/244 B | അസീസ് തലശ്ശേരിക്കാരൻ | 163.17 | 4895.1 | 0 | (വഴിസൗകര്യം 20%) 979.02 | സഞ്ചയ പ്രകാരം–6169 (5874.12) | 309 | **6478** | 9790.2 | (0 | (വഴിസൗകര്യം 20%) 1958.04 | 11748.24 | 587.4 | **12335.4** |
| 3 | 10/244 C | അസീസ് തലശ്ശേരിക്കാരൻ | 163.19 | 4895.7 | (ബഹുനില വാണിജ്യാവശ്യം) 293.75 | (വഴിസൗകര്യം 20%) 979.14 | സഞ്ചയ പ്രകാരം– 5862 (5581.09) | 294 | **6156** | 9791.4 | (ബഹുനില വാണിജ്യാവശ്യം) 587.48 | (വഴിസൗകര്യം 20%) 1958.28 | 12337.16 | 616.86 | **12954.02** |
| 4 | 11/473 | ശിവദാസ് കമ്മാറ | 121 | 3630 | (മേൽക്കൂര10%) 363 | (വഴിസൗകര്യം 20%) 726 | സഞ്ചയ പ്രകാരം– 4193 (3993) | 210 | **4403** | 7260 | (മേൽക്കൂര10%) 726 | (വഴിസൗകര്യം 20%) 1452 | 7986 | 399.3 | **8385.3** |
| 5 | 12/22 B | അഖിലേഷ് മുളങ്ങാട്ടുപറമ്പിൽ | 118.24 | 3547.2 | (മേൽക്കൂര10%) 354.72 | (വഴിസൗകര്യം 20%) 709-44 | സഞ്ചയ പ്രകാരം– 4098 (3901.92) | 205 | **4303** | 7094.4 | (മേൽക്കൂര10%) 709.44 | (വഴിസൗകര്യം 20%) 1418.88 | 9222.72 | 461.14 | **9683.86** |

മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചതിലൂടെ ബാധകമായതിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനുള്ള കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.10/03.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി നിർണ്ണയിക്കേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

## 1-18 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി പരിശോധന നടത്തിയത് പ്രകാരം വാർഡ് നം. 3 കെട്ടിട നം. 155 A(UA) ശങ്കരനാരായണൻ, മാനേജിംഗ് ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള ഭാവന ഓഡിറ്റോറിയം കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. 2017 ഒന്നാം അർദ്ധവർഷം മുതൽ നാളിതു വരെ കുടിശ്ശിക വന്നിട്ടുള്ള ആകെ തുക 4,99,416/-രൂപയാണ്. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/03.11.2023) ഭാവന ഓഡിറ്റോറിയം സംബന്ധിച്ച WPC 31624/17 നമ്പർ കേസ് ബഹു:ഹൈക്കോടതിയിൽ നിലവിലുള്ളതാണ് എന്നും കുടിശ്ശിക ഈടാക്കുന്നതിന് ആർ.ആർ.നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേസിന്റെ തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-19 ക്രമ വത്കരണ ഫയലുകൾ - സാക്ഷ്യപത്രം ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്

1) ഫയൽ എസ്.സി 2/246/2023

വലപ്പാട് വില്ലേജിലെ 420/1 എന്നീ സർവ്വേ നമ്പറിൽ ഉൾപ്പെട്ട സ്ഥലത്ത് 148.53 ച.മീറ്റർ തറവിസ്തീർണത്തിൽ പണി പൂർത്തീകരിച്ച താമസ ആവശ്യത്തിനുള്ള കെട്ടിട നിർമാണം ക്രമവത്കരിക്കുന്നതിന് 05.01.2023 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കെട്ടിട ഉടമ - ഉണ്ണികൃഷ്ണൻ , കോഴിശ്ശേരി, കഴിമ്പ്രം

2) ഫയൽ എസ്.സി 2/1136/2023

വലപ്പാട് വില്ലേജിലെ 411/1-8 എന്നീ സർവ്വേ നമ്പറിൽ ഉൾപ്പെട്ട സ്ഥലത്ത് 122.25 ച.മീറ്റർ തറവിസ്തീർണത്തിൽ പണി പൂർത്തീകരിച്ച താമസ ആവശ്യത്തിനുള്ള കെട്ടിട നിർമാണം ക്രമവത്കരിക്കുന്നതിന് 23.01.2023 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കെട്ടിട ഉടമ – സിദ്ധാർത്ഥൻ, S/o പാപ്പു , നെടിയിരിപ്പിൽ

3) ഫയൽ എസ്.സി 2/38/2023

വലപ്പാട് വില്ലേജിലെ 377/1B-5 എന്നീ സർവ്വേ നമ്പറിൽ ഉൾപ്പെട്ട സ്ഥലത്ത് 84.51 ച.മീറ്റർ തറവിസ്തീർണത്തിൽ പണി പൂർത്തീകരിച്ച താമസ ആവശ്യത്തിനുള്ള കെട്ടിട നിർമാണം ക്രമവത്കരിക്കുന്നതിന് 03.01.2023 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കെട്ടിട ഉടമ – അജീഷ് ടി തമ്പി, തെക്കിനിയേടത്ത്.

മേൽ ഫയലുകളിൽ CRZ അധികൃതരിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണെന്ന് എൽ.എസ്.ജി.ഡി സാങ്കേതിക വിഭാഗം റിപ്പോർട്ട് നല്കിയിട്ടുണ്ട്. മേൽ സാക്ഷ്യപത്രങ്ങൾ ലഭ്യമായതിന്റെയും വസ്തു നികുതി നിർണയിച്ചതിന്റെയും വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 16/04.11.2023)

## 1-20 റിവൈസ്ഡ് ഫയർ എൻ.ഒ.സി ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

4502.94 ച.മീറ്റർ തറവിസ്തീർണത്തിൽ വാണിജ്യ കെട്ടിടം നിർമിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റ് നം. A3-BA(210940)/2023 തീയതി 16.06.2023 പ്രകാരം കെട്ടിട നിർമാണ അനുമതി നൽകിയിട്ടുണ്ട്. കെട്ടിട ഉടമ – വി.പി. നന്ദകുമാർ, എം.ഡി., മണപ്പുറം ഫിനാൻസ് ലിമിറ്റഡ്. അപേക്ഷാ തീയതി – 03.02.2023.
എന്നാൽ ഫയർ NOC (FRS/08/NTKA/14975/2023/SITE തീയതി - 10.05.2023 ) ഹാജരാക്കിയിട്ടുള്ളത് 4432.52 ച.മീറ്റർ G+3 (4 Floors) തറവിസ്തീർണത്തിന് ബാധകമായിട്ടുള്ളതാണ്. പണി പൂർത്തീകരിച്ച് ഒക്യുപൻസി നല്കുന്നതിന് മുമ്പ് പണി പൂർത്തീകരിച്ച മുഴുവൻ തറവിസ്തീർണത്തിന് ആനുപാതികമായി പുതുക്കിയ ഫയർ എൻ.ഒ.സി. ലഭ്യമാക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി 16/04.11.2023)

## 1-21 വസ്തുനികുതി പുനർനിർണയിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

ഫയൽ നം. 2096/22

വലപ്പാട് വില്ലേജ്- 212/15, 16, 17-1 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലത്ത് നിലവിലുള്ള ആശുപത്രി കെട്ടിടത്തിനോട് ചേർന്ന് കെട്ടിടം കൂട്ടിചേർക്കുന്നതിനുള്ള (മാകെയർ) പെർമിറ്റ് ലഭിക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, മണപ്പുറം ബെനിഫിറ്റ് ഫണ്ട് ലിമിറ്റഡ്, കോതകുളം, വലപ്പാട് എന്നവർ അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷാ തീയതി - 10.08.2022

പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ

| നില | ബിൽറ്റ് അപ്പ് വിസ്തീർണം | കെട്ടിട നമ്പർ |
|---|---|---|
| Building 1 (പ്ലോട്ടിൽ നിലവിലുള്ള കെട്ടിടം) ഗ്രൗണ്ട് ഫ്ലോർ | 293.80 $M^2$ | V/485 A,B,C |

| | | |
|---|---|---|
| ഫസ്റ്റ് ഫ്ലോർ | 293.80 $M^2$ | |
| Building 2 (പ്ലോട്ടിൽ നിലവിലുള്ള കെട്ടിടം)<br>ഗ്രൗണ്ട് ഫ്ലോർ | 347.88 $M^2$ | V/485 |
| നിർദ്ദിഷ്ട കെട്ടിടം | 599.13 $M^2$ | |
| **ആകെ വിസ്തീർണം** | **1534.61 $M^2$** | |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | തറവിസ്തീർണം |
|---|---|---|
| 1 | V/485 | 124 $M^2$ |
| 2 | V/485 A | 5 $M^2$ |
| 3 | V/485 B | 41.77 $M^2$ |
| 4 | V/485 C | 13.37 $M^2$ |

സാങ്കേതിക വിഭാഗം അറിയിച്ച താഴെ ചേർക്കുന്ന ന്യൂനതകൾ അറിയിച്ച് 30.08.2022 കക്ഷിക്ക് കത്ത് നൽകിയിട്ടുണ്ട്.

1. പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തൃതി അസസ്മെന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

2. ഒന്നാം നിലയിലെ കെട്ടിടനമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല.

എന്നാൽ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഫയലിൽ ഇല്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണം (V/485, V/485 A, V/485 BV/ 485 C) വളരെ കുറവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതുസരിച്ച് മാത്രമാണ് നിലവിൽ വസ്തു നികുതി ഈടാക്കുന്നത്.
പ്രസ്തുത പ്ലോട്ടിൽ സാങ്കേതിക വിഭാഗം സ്ഥലപരിശോധന നടത്തി നിലവിലുള്ള കെട്ടിടങ്ങളുടെ ശരിയായ തറവിസ്തീർണം പരിശോധിക്കുകയും ആയതനുസരിച്ച് വസ്തു നികുതി പുനർ നിർണയം നടത്തുകയും ചെയ്ത് അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 22/04.11.2023)

## 1-22 മുട്ടക്കോഴി വളർത്തൽ പദ്ധതി(ജനറൽ)- മതിയായ രേഖകൾ ഇല്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് | 128/23 മുട്ടക്കോഴി വളർത്തൽ പദ്ധതി (ജനറൽ) |
| അടങ്കൽ | 4,80,000/- |
| ഫണ്ട് | വികസന ഫണ്ട്-(ജനറൽ)2,00,000/-<br>ഗുണഭോക്തൃവിഹിതം-(സ്ഥാപനത്തിൽ അടവാക്കുന്നത്)2,80,000/- |
| ചെലവ് | 2,32,600/-<br>വികസന ഫണ്ട്-1,22,000/-<br>ഗുണഭോക്തൃ വിഹിതം- 1,10,600/- |
| വൗച്ചർ നം | 1.42201670/28-3-23- 79,000/-<br>2.42201671/28-3-23- 43,000/-<br>(വികസന ഫണ്ട്)<br>**42201186/31.03.2023 - 110600/-** |
| വാങ്ങിയ സ്ഥാപനം | ഭദ്ര ഫാം,പന്തല്ലൂർ,ചൊവ്വന്നൂർ |
| ഇൻവോയ്സ് നം./തുക | 43/20-3-23 - 1,89,600 |

മുട്ടക്കോഴി വളർത്തൽ പദ്ധതിയുടെ നിർവഹണത്തിനായി 500/-രൂപ സബ്സിഡിയും 700/-രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി പ്രൊജക്ട് രൂപീകരിച്ചു. മുട്ടക്കോഴി ഒന്നിന് 120 നിരക്കിൽ 10 എണ്ണം (അഞ്ച് എണ്ണം വീതമുള്ള രണ്ട് യൂണിറ്റ്) 158

ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ് പ്രൊജക്ട് .

മേൽ ഇൻവോയ്സ് പ്രകാരം 189600/- (1580 മുട്ടക്കോഴിക്ക് 120 രൂപ നിരക്കിൽ) ഭദ്ര ഫാം,പന്തല്ലൂർ,ചൊവ്വന്നൂർ എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്.(സബ്സിഡി 500/- രൂപ നിരക്കിൽ 158 ഗുണഭോക്താക്കൾക്ക് 79000/- രൂപയും ഗുണഭോക്തൃ വിഹിതം 700 രൂപ നിരക്കിൽ,158 ഗുണഭോക്താക്കളുടെ വിഹിതം 110600/- രൂപയും സഹിതം) എന്നാൽ മേൽ വൗച്ചറുകൾ,സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 2,32,600 രൂപ മേൽ പദ്ധതിക്കായി പിൻവലിച്ചിട്ടുണ്ടെങ്കിലും 189600 രൂപ മാത്രമാണ് ഭദ്ര ഫാം,പന്തല്ലൂർ എന്ന സ്ഥാപനത്തിനു നൽകിയിരിക്കുന്നത്.43000/- രൂപയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ല. 43000/- രൂപയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി -13/4-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല.മതിയായ രേഖകളുടെ അഭാവത്തിൽ 43000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 പശു വളർത്തൽ (ജനറൽ)-സബ്സിഡി മാർഗരേഖ നിർദേശത്തിന് അനുസൃതമല്ലാത്ത ചെലവ്-തുക തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് | 125/23 പശു വളർത്തൽ (ജനറൽ) |
| അടങ്കൽ | 33,00,000 |
| ഫണ്ട് | വികസന ഫണ്ട്-8,25,000<br>ബ്ലോക്ക് വിഹിതം-8,25,000<br>ഗുണഭോക്തൃ വിഹിതം-16,50,000(നേരിട്ട് ചെലവഴിക്കുന്നത്) |
| ചെലവ് | 24,75,000<br>വികസന ഫണ്ട്-8,25,000<br>ബ്ലോക്ക് വിഹിതം-8,25,000<br>ഗുണഭോക്തൃ വിഹിതം-8,25,000(നേരിട്ട് ചെലവഴിക്കുന്നത്) |
| വൗച്ചർ നം/തുക 1650000(വികസന ഫണ്ട്-8,25,000<br>ബ്ലോക്ക് വിഹിതം-8,25,000) | 1.42201378/27-12-22-45000<br>2.42201404/7-1-23-90000<br>3.42201409/11-1-23-90000<br>4.42201412/11-1-23-90000<br>5.42201420/17-1-23-105000<br>6.42201460/3-2-23-135000<br>7.42201463/4-2-23-45000<br>8.42201481/14-2-23-210000<br>9.42201491/14-2-23-210000<br>10.42201496/16-2-23-90000<br>11.42201514/21-2-23-150000<br>12.42201559/15-3-23-105000<br>13.42201560/15-3-23-135000<br>14.42201561/15-3-23-150000 |
| ആകെ | 1650000 |

പശു ഒന്നിന് ഗുണഭോക്താവിന് 30000 രൂപ (യൂണിറ്റ് കോസ്റ്റ് 60,000 രൂപയുടെ 50%)സബ്സിഡിയായി അനുവദിക്കുന്നതിനാണ് ഈ പ്രൊജക്ട് ലക്ഷ്യമിടുന്നത്. 55 ഗുണഭോക്താക്കൾക്കാണ്പശുവിനെ വിതരണം ചെയ്തിരിക്കുന്നത്. ഗുണഭോക്താവ് പശുവിനെ നേരിട്ട് വാങ്ങി ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കുന്ന മുറക്ക് പശുവിനെ നൽകിയ ആളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക കൈമാറുന്ന രീതിയിലാണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്.

പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1.വൗച്ചറുകൾ 42201378/27-12-22-(45000),42201463/4-2-23-(45000)(ക്രമ നം1,7) പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക90,000/- രൂപ പിൻവലിച്ചതിൽ ശ്രീമതി.സുമന മേനോത്ത്, ശ്രീമതി.വനജ എന്നീ രണ്ടു ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക (30000+30000)നേരിട്ട്നൽകിയിരിക്കുന്നു.സ.ഉ(കൈ)115/22/ത.സ്വ.ഭ.വ. /തീയതി 28-5-22 , ഖണ്ഡിക 6-3 ക്രമ നം33(4) പൊതു നിർദ്ദേശങ്ങൾപ്രകാരം ,ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങിക്കുന്നത്,അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം.

2.സ.ഉ(കൈ)115/22/ത.സ്വ.ഭ.വ. /തീയതി 28-5-22 ,ഖണ്ഡിക 6-3 (2) , പ്രകാരം കുറഞ്ഞത് മൂന്ന് വർഷമെങ്കിലും ഉരുക്കളെ വളർത്തുമെന്ന കരാർ വെക്കേണ്ടതാണ്. എന്നാൽ ഗുണഭോക്താക്കളുമായി കരാർ വെച്ചിട്ടില്ല.

3.സ.ഉ(കൈ)115/22/ത.സ്വ.ഭ.വ. /തീയതി 28-5-22 ,ഖണ്ഡിക 6-3 (3)ക്രമ നം33(3) പൊതു നിർദ്ദേശങ്ങൾപ്രകാരം പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും,വെറ്റിനറി സർജൻ കൺവീനറായുംഗുണഭോക്താക്കളിൽ നിന്ന് അഞ്ച് പേർ അംഗങ്ങളുമായുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉരുക്കളെ വാങ്ങേണ്ടത്. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം.ഗുണഭോക്താക്കൾ നേരിട്ട് ഉരുക്കളെ വാങ്ങുന്നത് അനുവദനീയമല്ല. എന്നാൽ ഗുണഭോക്താക്കൾ വാങ്ങിയ ഉരുക്കളുടെ ഗുണനിലവാരം നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തിയിട്ടില്ല.

അപാകതകൾക്ക് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി 12/4-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല.സബ്സിഡി മാർഗരേഖ നിർദേശത്തിന് അനുസൃതമല്ലാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് തുക നൽകിയതിനാൽ 60000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറിസർജൻ |
| പ്രോജക്ട് | 126/23 – പ്രത്യേകകന്നുകട്ടി പരിപാലന പദ്ധതി (ജനറൽ) |
| ഫണ്ട് | വികസനഫണ്ട് -- പൊതുവിഭാഗം -387500<br>ഗുണഭോക്തൃ വിഹിതം-387500 |
| അടങ്കൽ | 775000 |
| ചെലവ് | 387500 |
| വൗച്ചർ നം,തുക | 42201434/ 24.01.2023 ,387500 |
| കൈപ്പറ്റിയ സ്ഥാപനം | ഡെപ്യൂട്ടി ഡയറക്ടർ,എസ് എൽ ബിപി ,തൃശ്ശൂർ |

31ഗുണഭോക്താക്കളുടെ വിഹിതമായി 387500 രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ് എൽ ബിപി ക്ക് കൈമാറിയിട്ടുണ്ട് .എന്നാൽ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പൂർത്തിയാക്കുന്ന മുറക്ക് വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി-20/4-11-23)

## 1-25 മത്സ്യത്തൊഴിലാളികൾക്ക് വല/ഗിൽ നെറ്റ് നൽകൽ-പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് | 137/23 മത്സ്യത്തൊഴിലാളികൾക്ക് വല/ഗിൽ നെറ്റ് നൽകൽ |
| അടങ്കൽ | 4,40,000 |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ)-2,00,000<br>ബ്ലോക്ക് വിഹിതം-1,30,000<br>ഗുണഭോക്തൃ വിഹിതം-1,10,000 |
| ചെലവ് | 3,30,000<br>വികസന ഫണ്ട്-2,00,000 |

| | |
|---|---|
| | ബ്ലോക്ക് വിഹിതം-1,30,000<br>ഗുണഭോക്തൃ വിഹിതം- Nil |
| വൗച്ചർ നം | 1.42201586/17-3-23- 2,00,000<br>2.42201642/28-3-23-1,30,000 |
| വലക്കായിതുക കൈമാറിയ സ്ഥാപനം | മത്സ്യ ഫെഡ് വ്യാസ സ്റ്റോർ,കൈപ്പമംഗലം |
| പ്രഫോർമ ഇൻവോയ്സ് നം. | 11/23/16-3-23 തുക-440000/- |
| ഭരണ സമിതി തീരുമാനം | 1(1),17-10-22 |

സ.ഉ(കൈ)115/22/ത.സ്വ.ഭ.വ. /തീയതി 28-5-22 ,ഖണ്ഡിക 6-4 ബി(2) പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വല/ഗിൽ നെറ്റ് വാങ്ങുന്നതിനായി, യൂണിറ്റ് കോസ്റ്റിന്റെ (20,000)75% ( പരമാവധി-15000) സബ്സിഡി നൽകാവുന്നതാണ് .

മത്സ്യ ഫെഡ് വ്യാസ സ്റ്റോറിന്റെ മേൽ പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള(2*2c 19.5mm, 761.904kg Net ന് 550 രൂപ നിരക്കിൽ) 4,40,000/- രൂപയുടെ( 419047.20 +20952.80(GST) യുടെ 75% തുകയായ 330000 രൂപ സബ്സിഡി ഇനത്തിൽ 22 മത്സ്യത്തൊഴിലാളികൾക്ക് വല/ഗിൽ നെറ്റ് വാങ്ങുന്നതിനായി മേൽ വൗച്ചറുകൾ പ്രകാരം മത്സ്യ ഫെഡ് വ്യാസ സ്റ്റോറിന് നൽകുകയും ചെയ്തു. (22 പേർക്ക് 15000/- രൂപ നിരക്കിൽ) എന്നാൽ ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകൾ,വല/ഗിൽ നെറ്റ് ലഭ്യമായതിന്റെ/വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ലാത്തതിനാൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 3/1-11-23)മറുപടിയായി അഞ്ച് ഗുണഭോക്താക്കൾ തൻ വർഷം ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റേയും, വല ലഭ്യമായതിന്റേയും രേഖകൾ പരിശോനക്ക് ഹാജരാക്കി.ശേഷിക്കുന്ന പതിനേഴ ഗുണഭോക്താക്കൾ 2023-24 വർഷത്തിൽ ഗുണഭോക്തൃ വിഹിതം അടവാക്കിയതായി മറുപടി നൽകിയിട്ടുണ്ട്.എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. എല്ലാഗുണഭോക്താക്കൾക്കും നിലവിലും വല ലഭ്യമായിട്ടില്ല.പ്രോജക്റ്റ് എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഹരിത കർമ്മ സേനക്ക് ഇലക്ട്രിക് വാഹനം വാങ്ങിയത്-ഉപയുക്തമാക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് | 170/23 – ഹരിത കർമ്മ സേന ഇലക്ട്രിക് വാഹനം വാങ്ങൽ |
| ഫണ്ട് | സ്വച്ഛ് ഭാരത് മിഷൻ ,തനത് ഫണ്ട് |
| അടങ്കൽ | 2,53,950/-<br>സ്വച്ഛ് ഭാരത് മിഷൻ -177765/-<br>തനത് ഫണ്ട്-76185/- |
| ചെലവ് | 2,53,950/- |
| വൗച്ചർ നം | 1.42201109/23-3-23- 177765/-<br>2.42201039/4-3-23-76185/- |
| വാഹനം ലഭ്യമാക്കിയ സ്ഥാപനം | കേരള ഓട്ടോമോബൈൽസ് ലിമിറ്റഡ്,തിരുവനന്തപുരം |
| പ്രൊഫോർമ ഇൻവോയ്സ് നം. | KAL/MKIG/222-23/443/dt-/26-11-22 തുക-2,53,950/- |
| കരാർ | SCI/14/22/13-2-23 |
| ടാക്സ് ഇൻവോയ്സ് | S1/VEH/082/22-23/18-3-23<br>തുക-2,36,250/-<br>S1/VEH/083/22-23/18-3-23<br>തുക-17700/- |

ഹരിതകർമ്മസേനക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് പ്രത്യേക രൂപകൽപന ചെയ്ത വാഹനം വാങ്ങുന്നതിനായി ജെം പോർട്ടൽ മുഖേന കേരള ഓട്ടോമോബൈൽസ് ലിമിറ്റഡിൽ നിന്നും Kerala Green Stream (E-CART) എന്ന ഇലക്ട്രിക് വാഹനം

വാങ്ങി.എന്നാൽ ഹരിതകർമ്മസേനയുമായി കരാർ ചമച്ച് വാഹനം കൈമാറിയിട്ടില്ല.വാഹനം ഉപയോഗിക്കുന്നതിന് നിലവിൽ ഹരിതകർമ്മസേനയിൽ പരിശീലനം ലഭിച്ചവർ

ഇല്ലാത്തതിനാൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച MCF കെയർടേക്കർ ആണ് വാഹനം ഓടിക്കുന്നത്. ചെലവുകൾ തനതുഫണ്ടിൽ നിന്നുമാണ് നൽകുന്നത്.ഹരിതകർമ്മസേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഹരിതകർമ്മസേനയുമായി കരാർ ചമച്ച് വാഹനം കൈമാറി നൽകേണ്ടതുമാണ്.

## 1-27 വലപ്പാട് ചന്തപ്പടിയിൽ പഞ്ചായത്ത് വക സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറിയത് - വിട്ടുകിട്ടുന്നതിന് സ്വീകരിച്ച തുടർനടപടികൾ

**ഫയൽ നമ്പർ :- എസ് സി 3-854/2023**

പഞ്ചായത്ത് കമ്മിറ്റിയുടെ **17-1-23** ലെ അജണ്ട**3,** തീരുമാനം**1, 10-3-23** ലെ അജണ്ട **7** തീരുമാനം**1** എന്നിവ പ്രകാരം ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ എടു**ത്തിട്ടുണ്ട്.**

വലപ്പാട് ഗ്രാമപഞ്ചായത്തിൽ വലപ്പാട് ചന്തപ്പടിയിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തു നിന്നും 12.58 സെന്റ് സ്ഥലം കേരള വാട്ടർ അതോറിറ്റിയ്ക്ക് നാട്ടിക ഫർക്ക ശുദ്ധജല പദ്ധതി ഡിവിഷണൽ ഓഫീസ് നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ 07/01/1984ലെ 11-ാം നമ്പർ തീരുമാന പ്രകാരം താല്ക്കാലികമായി കൈമാറിയിട്ടുള്ളതും, ടി സ്ഥലത്ത് വാട്ടർ അതോറിറ്റി ഓഫീസ് കെട്ടിടം നിർമ്മിക്കുകയും പ്രവർത്തനം നടത്തിയിരുന്നതുമാണ്. എന്നാൽ പ്രൊജക്ട് പൂർത്തിയായതിനാലും ഓഫീസ് പ്രവർത്തനം പിന്നീട് നാട്ടികയിലേയ്ക്ക് മാറ്റിയതിനാലും, കഴിഞ്ഞ 20 വർഷത്തോളമായി ഓഫീസ് പ്രവർത്തിക്കുന്നില്ല. മാത്രവുമല്ല ഓഫീസ് കെട്ടിടം ഇടിഞ്ഞു പൊളിഞ്ഞ് ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലുമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സ്ഥല സൗകര്യം ഇല്ലാത്തതിനാൽ പഞ്ചായത്ത് താല്ക്കാലികമായി കൈമാറിയിട്ടുള്ള മേൽ സ്ഥലം വിട്ടു തരുവാൻ പലപ്പോഴായി വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂലമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. പഞ്ചായത്തിന്റെ വികസനാവശ്യങ്ങൾക്കായി സ്ഥലം അനിവാര്യമായതിനാലും വർഷങ്ങളായി നിഷ്ക്രിയ ആസ്തിയായി കിടക്കുന്നതിനാലും സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കുവാനും പ്രസ്തുത സ്ഥലത്ത് നിലവിലുള്ള ഉപയോഗശൂന്യമായ കെട്ടിടം അടിയന്തിരമായി പൊളിച്ചു മാറ്റുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെടുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വലപ്പാട് ഗ്രാമപഞ്ചായത്തിൻറെ കൈവശത്തിലുള്ള ചന്തപ്പടിയിലെ സ്ഥലം സർവ്വേയറെ കൊണ്ട് അളന്ന് തിട്ടപ്പെടുത്തുന്നതിനും പഞ്ചായത്തിന്റെ പുറമ്പോക്കായി മാറ്റുന്നതിനായി ബഹു.ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

തുടർ നടപടി വിവരം ,ഫയൽ എന്നിവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി-23/4-11-23) മറുപടി ലഭ്യമാക്കിയിട്ടില്ല.തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം, വാർഷിക കണക്കുകളുടെ ഓഡിറ്റ്

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ (ആർ.റ്റി.) 3379/2004 എച്ച് & എഫ്.ഡബ്ല്യു.ഡി തീ. 03.12.2004 പ്രകാരം രൂപീകൃതമായിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളുടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം, വാർഷിക കണക്കുകളുടെ ഓഡിറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-5/1-11-23 ന് മെഡിക്കൽ ഓഫീസർമാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | HMC സ്ഥാപിതമായ വർഷം | കേരള സംസ്ഥാന ഓഡിറ്റിനു സമർപ്പിച്ച (അവസാന വർഷത്തെ കണക്കുകൾ | 2022-23 വർഷത്തിലെ കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയ വിവരം | ഓഡിറ്റ് പൂർത്തിയാക്കിയ വർഷം |
|---|---|---|---|---|
| മെഡിക്കൽഓഫീസർ (ആയുർവേദം) | 5-8-2002 | 2022-23 | ലഭ്യമാക്കി | 2019-20 |
| മെഡിക്കൽഓഫീസർ (ഹോമിയോ) | 2012 മുതൽ | 2022-23 | ലഭ്യമാക്കി | 2022-23 |
| മെഡിക്കൽഓഫീസർ(CHC) | മറുപടി ലഭ്യമാക്കിയില്ല | | | |

വലപ്പാട് സി.എച്ച്.സി യുടെ 2022-23 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റിന് കണക്ക് സമർപ്പിക്കാത്ത എല്ലാ വർഷങ്ങളിലെയും വരവ് ചെലവ് കണക്കുകളും സമയബന്ധിതമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 ആർട്ട്കോ മുഖേന നടത്തുന്ന വാങ്ങലുകൾ - സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് G.O (Rt.) No. 4/2011/SPD തീയതി- 17.01.2011 പ്രകാരം M/s ആർട്ട്കോ എന്ന സ്ഥാപനത്തിന് സ്റ്റീൽ ഫർണിച്ചർ, മരം കൊണ്ടുള്ള ഫർണിച്ചർ, ആശുപത്രി ഉപകരണങ്ങൾ എന്നിവ ടെണ്ടർ നടപടികൾ കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സപ്ലൈ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് G.O (Rt.) No. 4/2018/SPD തീയതി- 02.02.2018 , G.O (Rt.) No. 19/2019/SPD തീയതി- 13.05.2019 എന്നീ ഉത്തരവുകൾ പ്രകാരമുള്ള അനുബന്ധത്തിൽ ആർട്കോയിൽ നിന്നും ടെൻഡർ നടപടികൾ ഇല്ലാതെ നേരിട്ട് വാങ്ങാവുന്ന ഫർണീച്ചറുകളുടെയും ഉപകരണങ്ങളുടെയും ലിസ്റ്റും അവയ്ക്ക് നൽകാവുന്ന പരമാവധി വിലയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരം ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആർട്ട്കോ എന്ന സ്ഥാപനത്തിനും ഇത്തരം ക്വട്ടേഷൻ/ടെണ്ടർ നടപടികളിൽ പങ്കെടുക്കാവുന്നതാണെന്നും ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങലുകളിൽ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ | ഇനം | HSN കോഡ് | എണ്ണം | നിരക്ക് (ജി.എസ്.ടി ഉൾപ്പെടാതെ) | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | 100/23 - എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | 1) STUDYM -STUDY TABLE 90 X 60X 75 CM – HARD WOOD STUDY TABLE WITH SHELF PROVIDING LOCK | 9403 | 73 | 2987.29 | ആർട്കോ തൃശ്ശൂർ, ആർട്കോ മലപ്പുറം എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷൻ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. |
| | | 2) STUDYM1-ARMLESS CHAIR – HARD WOOD CHAIR | 9403 | 73 | 1250 | |
| 2 | 145/23 ചായം പദ്ധതി | 1) Baby Chair | - | 10 | 600 | ആർട്കോ തൃശ്ശൂർ, ആർട്കോ പാലക്കാട് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷൻ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. |
| | | 2)EVE MAT 12 MM 2FT X 2FT | 9403 | 13 | 1290 | |
| | | 3) NUMBERS MAT | 9403 | 1 | 890 | |
| | | 4) FROG DUST BIN | 9403 | 1 | 350 | |
| | | 5) LF 962 HALL POOL WITH BALLS | 9403 | 1 | 17875 | |
| | | 6) FRONT ROUND TABLE | | 3 | 6490 | |
| | | 7) ELEPHANT RING TOSS | | 1 | 995 | |

| | | | | | | |
|---|---|---|---|---|---|---|
| | | 8) ALPHABETS MAT | 9403 | 1 | 2090 | |
| | | 9)AW T025 LF925 A HEN ROCKER | | 1 | 1690 | |
| | | 10) BLACK BOARD 3X4 | | 1 | 1200 | |
| | | 11)LF 111-FRONT ROUND TABLE | | 3 | 6490 | |
| | | 12) LF 118 – 2 PLASTIC BLOCKS | | 1 | 3995 | |
| | | 13) Speaker With Mic Includes BT Connectivity, USB, AUX, WIRELESS MIC, REMOTE CONTROL, Built In Microphone, | | 3 | 6800 | |
| | | 14) Colourful Smooth Rocker/Ride On | | 1 | 1500 | |
| | | 15) Ring Game Elephant – Multicolor 4 Pc Ring And 1 Elephant | | 3 | 990 | |
| | | 16) Adjustable Basket Ball Set 1 | | 3 | 1400 | |
| | | 17) Indoor Toy Bln | | 3 | 1800 | |
| 3 | 264/23 ഹെൽത്ത് ഗ്രാന്റ് സ്കീം | 1) BLOOD COLLECTION CHAIR CUSHION SEAT AND BACK | | 3 | 6860 | ക്വട്ടേഷൻ / ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| | | 2) CC123N-STEEL | | 3 | 3049 | |

| | | | | | |
|---|---|---|---|---|---|
| | CHAIR WITH ARM | | | | |
| | 3)STEEL FRAME BENCH WITH BACK REST LEG FRANE AND BACK REST WITH ANGLE IRON SEAT AND MDF | | 3 | 5779 | |
| | 4) BALANCE BOARD | | 4 | 1600 | |
| | 5) BPAPRTS BP APPARATUS DIGITAL | | 2 | 9800 | |
| | 6) CPM | | 1 | 14980 | |
| | 7) CORNER STAIR CASE | | 1 | 28990 | |
| | 8) DUMBELLS PAIR SET | | 1 | 2260 | |
| | 9) HEATING PAD ELECTRICAL | | 1 | 1090 | |
| | 10) TILTILING TABLE MOTORISED | | 1 | 33560 | |
| | 11) TENS 4 CHANNEL | | 1 | 10800 | |
| | 12) TREAD MILL MOTORISED | | 1 | 56890 | |

വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കാനും അപാകതകൾ ഒഴിവാക്കാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/04.11.2023)

### 1-30 ഏകീകൃത സ്വഭാവമുള്ള പർച്ചേസുകൾക്ക് മൊത്തം ആവശ്യകത കണക്കാക്കി വാങ്ങൽ നടത്തിയില്ല

പ്രൊജക്ട് നം. 84/23 ൽ (വയോജനങ്ങൾക്കും കിടപ്പു രോഗികൾക്കും കട്ടിൽ- ജനറൽ, 42201389/28.12.2022 ₹700000, 42200935/02.02.2023 ₹107500 ആകെ - ₹807500) ഉൾപ്പെടുത്തി 190 കട്ടിലുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. (നിർവ്വഹണ ഉദ്യോഗസ്ഥ -ഐ.സി.ഡി.എസ് സൂപ്പർവൈസർ). ആർട്കോയിൽ നിന്നും മഹാഗണി മരം കൊണ്ട് നിർമ്മിച്ച 198 Cm X 90 Cm, Front Leg- 60 Cm Ht, Back Leg – 50 Cm Designated Frames And 9 Mm Grade Marrine Plywood Topസ്പെസിഫിക്കേഷനോടു കൂടിയ കട്ടിലിന് 4250/- രൂപ നിരക്കിലാണ് വാങ്ങൽ നടത്തിയത്. (പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം 2/19.11.2022)

അസി. സെക്രട്ടറി 2022-23 വർഷത്തിൽ നടപ്പിലാക്കിയ 114/23 (വയോജനങ്ങൾക്ക് കട്ടിൽ- SC, വൗച്ചർ നം. 42201465/ 07.02.2023, 42200947/07.02.2023 തുക - ₹219120) പദ്ധതിപ്രകാരം പർച്ചേസിംഗ് നടത്തിയത് BSGST ഏജൻസീസ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നാണ്. സ്ഥാപനം ക്വാട്ട് ചെയ്ത നിരക്കുകൾ താഴെ ചേർക്കുന്നു.

1. മഹാഗണി മരം/ആഞ്ഞിലി മരം(9 Mm Plywood Top) - 3530/-

2. ആഞ്ഞിലി മരം (8 Mm Plywood Top-Polished Finished) – 3129/-

3. മഹാഗണി മരം(8 Mm Plywood Top) - 2830

4. തെങ്ങ് (9 Mm Plywood Top)- 2739/-

5. മഹാഗണി മരം , ആഞ്ഞിലി ഹെവി ടോപ്പ്- 3910/-

